(ബി) പ്രസ്തുത സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്പെഷ്യൽ ടീച്ചർമാർ എന്തെല്ലാം സേവനങ്ങളാണ് ഈ ക്ഷേമ സ്ഥാപനങ്ങളിൽ നൽകിവരുന്നതെന്നു വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) 3.

(ബി) നേരിട്ടുള്ള നിയമനം വഴിയാണ് സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുന്നത്. ബിരുദവും ബി.എഡ്.-ഉം യോഗ്യതയുള്ളവരിൽ നിന്നുള്ള നേരിട്ടുള്ള നിയമനമാണ് വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സൈക്കോളജിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയോ ഡിപ്ലോമയോ നേടിയവർക്ക് മുൻഗണന നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനത്തിലെ താമസക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക എന്നതാണ് അവരുടെ ജോലി.

പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ

205 (5559) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ എന്തെല്ലാമാണ് ;

(ബി) സംസ്ഥാനത്ത് ആകെ എത്ര പ്രൊബേഷൻ ഓഫീസർമാരുടെ തസ്തികകൾ ഉണ്ട് ;

(സി) ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ; ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) പ്രൊബേഷൻ ഓഫീസർമാരുടെ ചുമതലകൾ അനുബന്ധം I ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംസ്ഥാനത്ത് പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I-ന്റെ 17 തസ്തികകളും പ്രൊബേഷൻ ഓഫീസർ II-ന്റെ 23 തസ്തികകളും നിലവിലുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ 12- ഉം പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 7-ഉം ഒഴിവുകൾ നിലവിലുണ്ട്. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I തസ്തികയിൽ നിയമനം നൽകുന്നതിനായി ഡി.പി.സി. (ഹയർ) ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുടുംബശ്രീ പ്രവർത്തകരുടെ പരിശീലനം

207 (5560) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ അംഗങ്ങൾക്ക് വിവിധ സംരംഭങ്ങൾ തുടങ്ങുവാൻ പരിശീലനം നൽകുന്നതിനായി സംസ്ഥാന കുടുംബശ്രീ മിഷൻ നൽകുന്ന തുക എത്രവീതമാണെന്നു വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ പരിശീലനം ലഭിച്ചവരിൽ എത്ര ശതമാനം പേർ യൂണിറ്റുകൾ തുടങ്ങി എന്നും അവരുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇ.ഡി.പി. പരിശീലനത്തിനായി കുടുംബശ്രീ അംഗങ്ങളിൽ ഒരാൾക്ക് 1,500 രൂപയും സ്കീമിൽ പരിശീലനത്തിനായി ഒരാൾക്ക് 5,000 രൂപയും എന്ന നിരക്കിൽ സംസ്ഥാന മിഷൻ നൽകുന്നു.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പരിശീലനം ലഭിച്ചവരിൽ താഴെപ്പറയും പ്രകാരം യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്.

ക്രമ നമ്പർ	ജില്ല	ആകെ പരിശീലനം നേടിയവർ	സംരംഭം ആരംഭിച്ചവർ	ശതമാനം
(1)	(2)	(3)	(4)	(5)
1	Trivandrum	2341	385	16.44%
2	Kollam	1436	772	53.80%
3	Pathanamthitta	127	63	49.60%
4	Alappuzha	2400	1125	46.87%

LIBRARY ARCHIVES Kerala Legislative Assembly